43 (2191) കെട്ടിക്കിടക്കുന്ന കശുവണ്ടി

ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-01-2000-ലെ കണക്കനുസരിച്ച് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ എന്ത് വിലയ്ക്കുള്ള സംസ്ക്കരിച്ച കശുവണ്ടി കെട്ടിക്കിടപ്പുണ്ട്;

(ബി) ഇതിൽ ഉപയോഗ യോഗ്യമല്ലാത്ത അണ്ടിപ്പരിപ്പുണ്ടോ;

(സി) കെട്ടിക്കിടക്കുന്നതുമൂലം ഈ കശുവണ്ടിയുടെ ഗുണമേന്മയ്ക്ക് എന്തെങ്കിലും ഹാനി സംഭവിച്ചിട്ടുണ്ടോ;

(ഡി) ഈ കശുവണ്ടി കെട്ടിക്കിടക്കാനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-01-2000ത്തിൽ ഉദ്ദേശം 20 കോടി രൂപയ്ക്കുള്ള കശുവണ്ടി പരിപ്പ് കോർപ്പറേഷനിൽ സ്റ്റോക്കുണ്ടായിരുന്നു. ഇത് ഏകദേശം രണ്ടര ആഴ്ചയിലെ ഉല്പാദനം മാത്രമാണ്. ഇതിൽ 13 കോടി രൂപയുടെ പരിപ്പ് വിറ്റു കഴിഞ്ഞ് കയറ്റി അയച്ചുകൊണ്ടിരിക്കുകയാണ്. ബാക്കിയുള്ളത് 7 കോടിയുടെ പൊടിഞ്ഞ പരിപ്പ് ബ്രോക്കൺ ഗ്രേഡുകളായി വിൽപ്പന നടത്തിവരുകയാണ്.

(ബി)&(സി) ഇല്ല.

(ഡി) കെട്ടിക്കിടക്കുന്നില്ല.

'എ' യിൽ കാണിച്ചതുപോലെ ഇത് വെറും രണ്ടര ആഴ്ചത്തെ ഉല്പാദനമാണ്. കമ്പനിക്ക് പ്രതിമാസം 371/2 കോടി രൂപയുടെ പരിപ്പ് ഉല്പാദിപ്പിക്കുവാൻ സാധിക്കും. 6 മാസം വരെ പരിപ്പ് ഗുണമേന്മയ്ക്ക് ഹാനി സംഭവിക്കാതെ സൂക്ഷിക്കാൻ കഴിയും. കയറ്റുമതി നടത്തുന്നത് കമ്പനിയ്ക്ക് നഷ്ടം സംഭവിക്കാതെ മാർക്കറ്റ് വിലയും കൂടി കണക്കിലെടുത്താണ്. ഉല്പാദിപ്പിക്കുന്ന പരിപ്പ് യഥാസമയം വിൽക്കുന്നുണ്ട്.

44 (2192) പയ്യന്നൂർ ഖാദി ഉല്പാദന കേന്ദ്രം നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ഖാദി ഉൽപ്പാദന കേന്ദ്രം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആരോഗ്യവകുപ്പിൽനിന്നും കിട്ടികൊണ്ടിരുന്ന ഓർഡർ നിർത്തിവച്ചത് കാരണം തുണിത്തരങ്ങളും മറ്റും കെട്ടികിടക്കുന്നത് പരിഹരിക്കുവാനും ഓർഡർ തുടർന്നും കിട്ടുന്നതിനുമായി എന്തൊക്കെ നടപടികൾ എടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ

LIBRARY ARCHIVES Kerala Legislative Assembly

31-1-2000-ൽ വ്യവസായവകുപ്പ് സെക്രട്ടറിയുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടേയും ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ബോർഡിന് അനുകൂലമായ തീരുമാനം എടുക്കുകയും സർക്കാർ അതിനനുസരണമായി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

45 (2193) പ്രാഥമിക കൈത്തറി സഹകരണസംഘങ്ങൾ

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ.ആർ. ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വകുപ്പിന്റെ കീഴിൽ എത്ര പ്രാഥമിക കൈത്തറി സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 1995 മുതൽ 2000- മാണ്ട് വരെ കൈത്തറി വകുപ്പിൽ വിവിധ ജില്ലകളിലെ ജില്ലാ വ്യവസായകേന്ദ്രം ഓഫീസിൽ സഹകരണ ഡെപ്യൂട്ടി രജിസ്ട്രാർമാരായി ജോലി നോക്കിയവർ ആരെല്ലാം;

(സി) 1995 മുതൽ കേരള സംസ്ഥാന കൈത്തറി ആൻഡ് ടെക്സ്റ്റയിൽ ഡയറക്ടർ മാരായി ജോലി നോക്കിയവർ ആരെല്ലാമെന്നും ഓരോരുത്തരും സേവനം അനുഷ്ഠിച്ച കാലയളവ് എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് വ്യാജ കൈത്തറി സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന ആക്ഷേപത്തെക്കുറിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയ അന്വേഷണം എന്തെല്ലാം, ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ മൊത്തം 757 പ്രാഥമിക കൈത്തറി സംഘങ്ങളും തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു കേന്ദ്ര അപ്പക്സ് സംഘവും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു.

ജില്ലയുടെ പേര്	രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ എണ്ണം
തിരുവനന്തപുരം	360
കൊല്ലം	79
ആലപ്പുഴ	26
പത്തനംതിട്ട	9
കോട്ടയം	16
ഇടുക്കി	12
എറണാകുളം	32
തൃശ്ശൂർ	32
പാലക്കാട്	46

LIBRARY ARCHIVES Kerala Legislative Assembly